# കേരള സംസ്ഥാന കളിമൺപാത്ര നിർമ്മാണ വിപണന ക്ഷേമ വികസന കോർപ്പറേഷൻ (KSPMMWDC)

CIN: U74900KL2016SGC040120

www.keralapottery.org

## നോട്ടീസ്

സർ,

കേരള സംസ്ഥാന കളിമൺപാത്ര നിർമ്മാണ വിപണന ക്ഷേമ വികസന കോർപ്പറേഷൻ നടപ്പിലാക്കുന്ന കളിമൺ ഉൽപ്പന്നങ്ങളുടെ വിപണന പദ്ധതിയുമായി ബന്ധപ്പെട്ട് "സഞ്ചരിക്കുന്ന കളിമൺ ഉൽപ്പന്ന വിപണന ശാല" ആരംഭിക്കുകയാണ്.

വിപണന ശാലയുടെ ഉദ്ഘാടനം 2023 ഫെബ്രുവരി 23 ന് രാവിലെ 11 മണിയ്ക്ക് ഗവ:സെക്രട്ടറിയേറ്റ് കോമ്പൗണ്ടിൽ ഇന്ത്യൻ കോഫി ഹൗസിന് സമീപം വച്ച് ബഹു: പട്ടികജാതി പട്ടിക വർഗ്ഗ പിന്നാക്കവിഭാഗ വികസന ദേവസ്വം - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി **ശ്രീ. കെ. രാധാകൃഷ്ണൻ** നിർവ്വഹിക്കുന്നു.

ഉദ്ഘാടന ചടങ്ങിൽ ബഹു: ഗതാഗത വകുപ്പ് മന്ത്രി **അഡ്വ. ആന്റണി രാജു** അദ്ധ്യക്ഷത വഹിക്കുന്നതും ബഹു: ഭക്ഷ്യ സിവിൽസപ്ലൈസ് വകുപ്പുമന്ത്രി **ശ്രീ. ജി. ആർ. അനിൽ** കളിമൺ ഉൽപ്പന്നങ്ങളുടെ ആദ്യ വിൽപ്പന നടത്തുന്നതും ബഹു: തിരുവനന്തപുരം കോർപ്പറേഷൻ മേയർ **ശ്രീമതി. ആര്യ രാജേന്ദ്രൻ** ആദ്യ വിൽപ്പന ഏറ്റുവാങ്ങുന്നതുമാണ്.

ആറ്റുകാൽ പൊങ്കാലയോടനുബന്ധിച്ച് മാർച്ച് 4, 6 തീയതികളിൽ ഉച്ചയ്ക്ക് 1 മണി മുതൽ സെക്രട്ടേറിയറ്റ് കോമ്പൗണ്ടിൽ പൊങ്കാല കലങ്ങളുടെ വിൽപ്പന ഉണ്ടായിരിക്കുന്നതാണ്.

ഈ സംരംഭത്തിന് ഏവരുടെയും സഹകരണം പ്രതീക്ഷിക്കുന്നു. ഉദ്ഘാടന ചടങ്ങിലേയ്ക്ക് ഏവരേയും സ്വാഗതം ചെയ്യുന്നു.

സെക്രട്ടേറിയറ്റ് കൂടാതെ താഴെ പറയുന്ന ഓഫീസ് കോമ്പൗണ്ടിൽ പൊങ്കാല കലങ്ങൾ വിൽപ്പന നടത്തുന്നതാണ്.

വികാസ് ഭവൻ - മാർച്ച് 2,3 (ഉച്ചയ്ക്ക് 1 മണി മുതൽ)
പബ്ലിക് ഓഫീസ് - മാർച്ച് 2,3 (രാവിലെ 11 മണി മുതൽ)



ആറ്റുകാൽ പൊങ്കാലയോടനുബന്ധിച്ച് താഴെ പറയുന്ന സ്ഥലങ്ങളിൽ പൊങ്കാല കലങ്ങൾ വിൽക്കുന്നതിനുള്ള ക്രമീകരണങ്ങൾ നടത്തുന്നതാണ്.

1. ആറ്റുകാൽ ക്ഷേത്ര പരിസരം
2. അട്ടക്കുളങ്ങര ഫോർട്ട് പോലീസ് സ്റ്റേഷന് മുന്നിൽ
3. തമ്പാനൂർ ശ്രീകുമാർ തീയേറ്ററിനു മുൻവശം
4. പുത്തരിക്കണ്ടം മൈതാനത്തിനു മുൻവശം
5. കിള്ളിപ്പാലം അട്ടക്കുളങ്ങര ബൈപാസ്സിന് കിഴക്ക്വശം

തിരുവനന്തപുരം
17/02/2023

മാനേജിംഗ് ഡയറക്ടർ

അയ്യങ്കാളി ഭവൻ, രണ്ടാം നില, കനക നഗർ, കവടിയാർ (പി.ഒ) തിരുവനന്തപുരം-695003,
ഫോൺ : 0471 2727010 Email:kspwdctpm@gmail.com